മ ത്ത ാ . 20 : 1 – 16

**023 ഒക്ടോബർ 15**

## വചനസന്ദേശം

**ഫാ. സാഞ്ചോ കണ്ണമ്പിള്ളി**

# Count Your Blessings

പരിഭവങ്ങളുടെയും പരാതികളുടെയും ഈ കാലഘട്ടത്തിൽ നമ്മിലേക്ക് തന്നെ ഒന്നു തിരിഞ്ഞു നോക്കുവാനുള്ള ആഹ്വാനവുമായാണ് മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ ഉപമ നമ്മുടെ വിചിന്തന വിഷയമാകുന്നത്. വിശുദ്ധ മത്തായിയുടെ സുവിശേഷത്തിൽ മാത്രം കാണുന്ന ഈ ഉപമ നമ്മുടെ തന്നെ മനോഭാവങ്ങളെ തിരുത്തിയെഴുതാനുള്ള ഓർമ്മപ്പെടുത്തലുകൾ നല്കുന്നുണ്ട്. കിട്ടാത്ത തിനെക്കുറിച്ചോർത്ത് ദുഃഖിച്ചിരിക്കുമ്പോൾ കിട്ടിയതിൽ സന്തോ ഷം കണ്ടെത്താൻ പോലും നാം മറന്നു പോകാറില്ലേ. മുന്തിരിത്തോട്ടത്തിലെ ജോലിക്കാർക്കും സംഭവിച്ചത് ഇതുതന്നെയാണ്. തങ്ങൾക്കു ലഭി ക്കേണ്ട കൂലി കിട്ടാത്തതല്ല അവരുടെ പ്രശ്നം; പിന്നെയോ മറ്റു ജോലിക്കാരെ (അവസാന മണിക്കൂറിൽ വന്നവരെ) തങ്ങളോട് തുല്യരാക്കിയതാണ്.

മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ മനോഭാവം ഒളിഞ്ഞും തെളിഞ്ഞുമൊക്കെ നമ്മുടെ ജീവി തങ്ങളിലും കാണുന്നില്ലേ? മറ്റുള്ളവരുടെ നന്മയിലുള്ള ചെറിയ ഒരു അസൂയ... നമുക്ക് ഉള്ളതിനെക്കു റിച്ച് ചിന്തിക്കാതെ മറ്റുള്ളവർക്കുള്ളത് നമുക്കില്ലല്ലോ എന്ന ആശങ്കയും പരാതിയും... സ്വന്തം മകന്റെ/ മകളുടെ മാർക്കുകളും നേട്ടങ്ങളും അറിയുന്നതിനേക്കാൾ തിരക്കാണ് മക്കളുടെ കൂടെ പഠിക്കുന്നവ രുടെ കാര്യങ്ങൾ അറിയുവാൻ. മനസ്സിന്റെ വലിപ്പം കൊണ്ടല്ല ഈ ആഗ്രഹം. നേരെമറിച്ച് താരതമ്യപഠന മാണ് നമ്മുടെ മെയിൻ അജണ്ട. മാതാപിതാക്കളുടെ സ്ഥിരം ഡയലോഗ് അവനെ/അവളെ കണ്ടുപഠിക്ക് എന്നതാണല്ലോ? എന്തേ നിങ്ങളുടെ മക്കളിൽ നന്മ ഒന്നും ഇല്ലാത്തതു കൊ ണ്ടാണോ ഈ ഡയലോഗ് പറയുന്നത്. അല്ല എന്നതായിരിക്കും ഉത്തരം. നമ്മുടെ മക്കളിൽ ഇല്ലാത്ത എന്തോ ഒന്ന് മറ്റുള്ളവരിൽ ഉണ്ട് എന്ന ആശങ്ക, ആകുലത. മറ്റു വാക്കുകളിൽ പറഞ്ഞാൽ മുന്തിരിത്തോട്ടത്തിലെ ജോലിക്കാരുടെ മനോഭാവം തലപൊക്കുകയാണിവിടെ... നമ്മുടെ വിവാഹാഘോഷങ്ങളും, തിരുനാളുകളും എന്തിനേറെ ഭവന നിർമ്മാണങ്ങളും ഇത്ര ആർഭാടമാകാൻ കാരണമെന്താണെന്ന് ചിന്തിച്ചിട്ടുണ്ടോ? മറ്റൊന്നുമല്ല, മറ്റു ള്ളവരേക്കാൾ ഒരു പടി മുമ്പിൽ നില്ക്കണം എന്ന മത്സരബുദ്ധി തന്നെ. ഇത്തരത്തിലുള്ള മനോഭാവ ങ്ങൾ നമ്മെ കൊണ്ടെത്തിക്കുന്നത് ക്രിസ്തുവിലേക്കാണോ എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ചോദ്യം.

നമ്മുടെ ജീവിതത്തിൽ ലഭിച്ചിട്ടുള്ള അനുഗ്രഹങ്ങൾ ശ്രദ്ധിക്കാതെ വരുമ്പോൾ അനാവശ്യമായ ആകുലതകളും മത്സരബുദ്ധിയും നമ്മൾ പോലും അറിയാതെ നമ്മുടെ ഉള്ളിൽ രൂപപ്പെടുന്നുണ്ട് എന്നത് സത്യമല്ലേ. താൻ ആഗ്രഹിച്ച ഷൂ അപ്പൻ വാങ്ങി തരാത്തതിന് ദേഷ്യപ്പെട്ട് വീടുവിട്ടിറങ്ങിയ മകന്റെ കഥ ഓർക്കുന്നു. അവൻ പിണങ്ങി വഴിയിലൂടെ നടന്നുപോകുമ്പോൾ രണ്ടു കാലുകളുമില്ലാത്ത ഒരുവനെ കണ്ടുമുട്ടുകയാണ്. അവിടെയാണ് അവന് തിരിച്ചറിവുണ്ടാകുന്നത്. തന്റെ ജീവിതത്തിൽ ഇത്രയും അനു ഗ്രഹങ്ങൾ ചൊരിഞ്ഞ ദൈവത്തിന്റെ, ചുറ്റുമുള്ളവരുടെ സ്നേഹവും കരുതലും അവൻ തിരിച്ചറിഞ്ഞ് തിരികെ നടക്കുകയാണ്. നാം ഇപ്പോഴും അപരന്റെ നന്മയിൽ അസൂയപ്പെട്ട് കഴിയുകയാണോ? ഇന്നത്തെ സുവിശേഷം നമുക്ക് മുമ്പിൽ ഉയർത്തുന്ന ചോദ്യം ഇതാണ്.

മറ്റുള്ളവരിലേക്ക് നോക്കുമ്പോൾ നമുക്കുള്ളതിൽ തൃപ്തി കണ്ടെത്താൻ നാം മറക്കും. സോഷ്യൽ മീഡി യയും പരസ്യവാചകങ്ങളും നമ്മെ കൊണ്ടെത്തിക്കുന്നത് ഒന്നിലും തൃപ്തി കണ്ടെത്താനാകാത്ത മനോ ഭാവങ്ങളിലേക്കാണ്. ഒരു തിരിച്ചറിവ് നമുക്കാവശ്യമാണ്. നിന്റെ ജീവിതത്തിൽ ദൈവം തന്നതെല്ലാം – നിന്റെ മക്കൾ, മാതാപിതാക്കൾ, ജീവിതപങ്കാളി, ജീവിതസാഹചര്യങ്ങളെല്ലാം ഒരു അനുഗ്രഹമായി കണ്ട് അംഗീകരിച്ച് മുന്നോട്ടു പോകാം. സംതൃപ്തിയോടെ നന്ദി നിറഞ്ഞ മനസ്സോടെ ജീവിക്കാം.